മാധ്യമം

01 July 2020

# സംസ്ഥാനത്ത് മത്സ്യലഭ്യത കുറഞ്ഞു; മത്തി 20 വർഷത്തെ ഏറ്റവും താഴ്ന്നനിലയിൽ

## ● ദേശീയതലത്തിൽ നേരിയ വർധന

കൊച്ചി: സംസ്ഥാനത്ത് അയലയുടെയും മത്തിയുടെയും ലഭ്യതയിൽ വൻ ഇടിവ് രേഖപ്പെടുത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) വാർഷികപഠന റിപ്പോർട്ട്. കഴിഞ്ഞവർഷത്തെ മൊത്ത മത്സ്യലഭ്യതയിലും ഗണ്യമായ കുറവാണുണ്ടായത്.

മുൻവർഷത്തെക്കാൾ 15.4 ശതമാനമാണ് കുറവ്. 2019ൽ ഇന്ത്യൻ തീരങ്ങളിൽനിന്ന് പിടിച്ച മത്സ്യസമ്പത്തിന്റെ കണക്കാണ് സി.എം.എഫ്.ആർ.ഐ പുറത്തുവിട്ടത്.

കേരളീയരുടെ ഇഷ്ടമീനായ മത്തിയുടെ ലഭ്യത കഴിഞ്ഞ 20 വർഷത്തിനിടെയുണ്ടായ ഏറ്റവും താഴ്ന്ന നിലയിലേക്ക് കൂപ്പുകുത്തി. വെറും 44,320 ടൺ മത്തി മാത്രമാണ് കഴിഞ്ഞവർഷം സംസ്ഥാനത്ത് ലഭിച്ചത്. 2018ൽ ഇത് 77,093 ടൺ ആയിരുന്നു. 2012ൽ 3.9 ലക്ഷം ടൺ പിടിച്ചിരുന്നു. സമുദ്ര ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ മത്തിയുടെ വളർച്ചയെ കാര്യമായി ബാധിക്കുന്നതാണ് കാരണം. അയല മുൻവർഷത്തെക്കാൾ 50 ശതമാനമാണ് കേരളത്തിൽ കുറഞ്ഞത്. ലഭിച്ചത് 40,554 ടൺ. 2018ൽ കേരളത്തിൽ ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യമായിരുന്നു അയല.



മത്സ്യലഭ്യതയിൽ കുറവുണ്ടായെങ്കിലും രാജ്യത്തെ സമുദ്രമത്സ്യോൽപാദനത്തിൽ കേരളം മൂന്നാം സ്ഥാനം നിലനിർത്തി. തമിഴ്നാട്, ഗുജറാത്ത് എന്നിവയാണ് മുന്നിലുള്ളത്. ഇത്തവണ കൊഴുവയാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പിടിച്ച മത്സ്യം -74,194 ടൺ.

രാജ്യത്തെ മൊത്തം സമുദ്രമത്സ്യോൽപാദനത്തിൽ 2.1 ശതമാനത്തിന്റെ നേരിയ വർധനയുണ്ട്. ഇന്ത്യയിൽ ആകെ ലഭിച്ചത് 35.6 ലക്ഷം ടൺ മത്സ്യമാണ്. രാജ്യത്താകെ അയലയുടെ ലഭ്യതയിൽ ഇത്തവണ ഗണ്യമായ കുറവുണ്ടായി.

ആറുവർഷമായി തുടർച്ചയായി ഒന്നാം സ്ഥാനത്തായിരുന്ന ഗുജറാത്തിനെ മറികടന്നാണ് തമിഴ്നാട് ഒന്നാമതെത്തിയത്. ഇന്ത്യയിലെ ആകെയുള്ള മത്സ്യലഭ്യതയിൽ 21.7 ശതമാനവും തമിഴ്നാട്ടിൽനിന്നാണ്. കേരളത്തിന്റെ സംഭാവന 15.3 ശതമാനം.

ദേശീയതലത്തിൽ ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം വിപണിയിൽ ആവശ്യക്കാരില്ലാത്തതും വാണിജ്യപ്രാധാന്യമില്ലാത്തതുമായ ക്ലാത്തിയാണ്. മത്സ്യത്തീറ്റ ആവശ്യങ്ങൾക്കാണ് ഇവയെ ഉപയോഗിക്കുന്നത്. കേരളത്തിൽ ഇത്തവണ രണ്ടാം സ്ഥാനം ക്ലാത്തിക്കാണ്.

കഴിഞ്ഞവർഷം രാജ്യത്താകെ ലാൻഡിങ് സെന്ററുകളിൽ വിറ്റഴിക്കപ്പെട്ടത് 60,881 കോടി രൂപയുടെ മത്സ്യമാണ്. മുൻവർഷത്തെക്കാൾ 15.6 ശതമാനമാണ് വർധന. കേരളത്തിൽ 12,387 കോടിയുടെ മത്സ്യമാണ് ലാൻഡിങ് സെന്ററുകളിൽ വിറ്റത്. 2.35 ശതമാനത്തിന്റെ വർധന.

ചില്ലറ വ്യാപാരകേന്ദ്രങ്ങളിൽ 92,356 കോടിയുടെ മീനാണ് രാജ്യത്താകെ വിറ്റത്-വർധന 15 ശതമാനം. കേരളത്തിൽ 17,515 കോടിയുടെ മീൻ ചില്ലറവ്യാപാരത്തിലൂടെ വിറ്റു. വർധന 18.97 ശതമാനം.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. പ്രതിഭ രോഹിത്, ഡോ. പി.യു. സക്കറിയ, ഡോ. പി. ലക്ഷ്മിലത, ഡോ. ഇ.എം. അബ്ദുസ്സമദ്, ഡോ. ജോസിലിൻ ജോസ്, ഡോ. ആർ. നാരായണകുമാർ, ഡോ. സി. രാമചന്ദ്രൻ എന്നിവർ വാർത്തസമ്മേളനത്തിൽ സംബന്ധിച്ചു.